/66400/2022

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. ശ്രീമതി. പ്രിയങ്ക.ജി.,ഐ.എ.എസ്)

വിഷയം:- വനിതശിശുവികസനവകുപ്പ് – മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുമായി (MGNREGS) ചേർന്ന് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം: 1) സാമൂഹ്യനീതിഡയറക്ടറുടെ 30/03/2017 തീയതിയിലെ ICDS/A7-16237/15 നമ്പർ ഉത്തരവ്

2) ഈ കാര്യാലയത്തിലെ 25/07/2022 തീയതിയിലെ DWCD/355/22-ICDS A7 നമ്പർ ഉത്തരവ്

3) പ്രോഗ്രാം ആഫീസർ മുഖേന ലഭ്യമായ പ്രൊപ്പോസലുകൾ

**ഉത്തരവ് നം. DWCD/355/2022-ICDS A7 തീയതി: 11-11-2022**

വനിതശിശുവികസന വകുപ്പിന് കീഴിലുള്ള 923 അങ്കണവാടികൾക്ക് MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം കേന്ദ്ര ഗവൺമെന്റ് അനുമതി നൽകുകയും ആദ്യഘട്ടമായി സംസ്ഥാന സർക്കാർ 720 അങ്കണവാടി കെട്ടിടങ്ങളുടെ തുകയായ 14.40 കോടി രൂപ അനുവദിക്കുകയുമുണ്ടായി . ടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് 5 ലക്ഷം രൂപ MGNREGS വിഹിതവും 2 ലക്ഷം രൂപ 60 : 40 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളും ശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ ഫണ്ട് വിനിയോഗിക്കുന്നത് MGNREGS മിഷൻ ഡയറക്ടർ മുഖേനയാണ്. ആയത് പ്രകാരം ആദ്യഘട്ടമായി അനുവദിച്ച 720 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് വകുപ്പ് വിഹിതമായി 2 ലക്ഷം രൂപ നിരക്കിലുള്ള 14.40 കോടി രൂപ MGNREGS മിഷൻ ഡയറക്ടറുടെ TSB അക്കൗണ്ട് നം 799011400000486 ലേക്ക് നിക്ഷേപിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം 720 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി വിവിധ ഘട്ടങ്ങളിലായി നൽകിയിട്ടുണ്ട്.

MGNREGS പദ്ധതി പ്രകാരം ആദ്യ ഘട്ടമായി നിർമ്മാണാനുമതി നൽകിയിട്ടുള്ള 720

അങ്കണവാടികളിൽ 113 അങ്കണവാടികളുടെ നിർമ്മാണാനുമതി സൂചന (2) പ്രകാരം റദ്ദ് ചെയ്തിരുന്നു. MGNREGS പദ്ധതി പ്രകാരം 9 അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണാനുമതി ആവശ്യപ്പെട്ട് വിവിധ ജില്ലകളിലെ പ്രോഗ്രാം ആഫീസർമാരിൽ നിന്നും സൂചന (3) പ്രകാരം പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ അനുബന്ധമായി ചേർത്തിട്ടുള്ള 9 അങ്കണവാടികൾക്ക് MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനും MGNREGS മിഷൻ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ള 14.40 കോടി രൂപയിൽ നിന്നും വകുപ്പ് വിഹിതമായി കെട്ടിടം ഒന്നിന് 2,00,000/- ( രണ്ട് ലക്ഷം രൂപ മാത്രം ) നിരക്കിൽ ആകെ 18,00,000/- ( പതിനെട്ട് ലക്ഷം രൂപ മാത്രം) ചെലവഴിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു. ടി തുക ഉപയോഗിച്ച് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതും ബന്ധപ്പെട്ട സിഡിപിഒമാർ നിർമ്മാണ പുരോഗതി വിലയിരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ് .

മിഷൻ ഡയറക്ടർ
MGNREGS
തിരുവനന്തപുരം

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർ

പകർപ്പ് :

1) പ്രോഗ്രാം ആഫീസർ, (കാസർഗോഡ്, മലപ്പുറം,കോട്ടയം കൊല്ലം,പത്തനംതിട്ട,എറണാകുളം,പാലക്കാട്)
2) ബന്ധപ്പെട്ട പ്രോഗ്രാം ആഫീസർമാർക്ക്
3) ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Signed by Priyanka G
Date: 11-11-2022 12:46:20

അനുബന്ധം

**MGNREGS പദ്ധതി പ്രകാരം കെട്ടിടനിർമ്മാണാനുമതി നൽകുന്ന 9 അങ്കണവാടികളുടെ ലിസ്റ്റ്**

| ക്രമ നം | ജില്ല | പ്രോജക്ട് | പഞ്ചായത്ത് | അങ്കണവാടി സെന്റർ നം |
|---|---|---|---|---|
| 1 | കാസർഗോഡ് | മഞ്ചേശ്വരം | വോർക്കാടി | 52 |
| 2 | മലപ്പുറം | മലപ്പുറം അഡീഷണൽ | മൊറയൂർ | 2 |
| 3 | കോട്ടയം | കാഞ്ഞിരപ്പള്ളി അഡീഷണൽ | പാറത്തോട് | 22 |
| 4 | കോട്ടയം | കാഞ്ഞിരപ്പള്ളി അഡീഷണൽ | പാറത്തോട് | 23 |
| 5 | കോട്ടയം | കാഞ്ഞിരപ്പള്ളി അഡീഷണൽ | പാറത്തോട് | 29 |
| 6 | കൊല്ലം | ചടയമംഗലം | ചടയമംഗലം | 117 |
| 7 | പത്തനംതിട്ട | മല്ലപ്പള്ളി | കൊറ്റനാട് | 104 |
| 8 | എറണാകുളം | പള്ളുരുത്തി | ചെല്ലാനം | 37 |
| 9 | പാലക്കാട് | കുഴൽമന്ദം | കുഴൽമന്ദം | 20 |

Signed by Priyanka G
Date: 11-11-2022 12:46:42